## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 888 — 11.06.2014 ന് മറുപടിയ്ക്ക്

### പ്ലേസ്മെന്റ് പോർട്ടൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. എം.എ. വാഹിദ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.ടി.ഐ. കളിൽ നടപ്പാക്കി യിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) നടപ്പിലാക്കിയിട്ടുണ്ട് www.skilljobs.kerala.gov.in എന്ന ജോബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ തൊഴിൽദായകർക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുന്ന തരത്തിലാണ് ഇത് സംവിധാനം ചെയ്തിട്ടുള്ളത്. പരിശീലനം നേടിയവർക്ക് അനുയോജ്യമായ തരത്തിലുള്ള തൊഴിൽ ലഭ്യമാക്കുന്നതിന് അവസരമൊരുക്കി തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് ഈ പദ്ധതി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) തൊഴിലവസരങ്ങൾ കണ്ടെ ത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത് ; | (സി) ഈ പോർട്ടലിൽ ഏതൊരു ഐ.ടി.ഐ. സർട്ടിഫിക്കറ്റുകാർക്കും സൗജന്യമായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കാലാകാലങ്ങളിൽ ഇവർ ആർജ്ജിക്കുന്ന അധിക സ്കിൽ/വിദ്യാഭ്യാസ യോഗ്യതകളും ഇതിനോടൊപ്പം കൂട്ടി ചേർക്കുന്നതിനുള്ള അവസരവും ഉണ്ട്. തൊഴിൽ ദാതാക്കൾക്കും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ സ്കിൽ ആവശ്യകത വ്യക്തമാക്കുവാനും സംവിധാനം ഉണ്ട്. തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഇടനിലക്കാരുടെ സഹായമില്ലാതെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി വളരെ പ്രധാനപ്പെട്ട സേവനം ജോബ് പോർട്ടലിലൂടെ ലഭ്യമാകും. |

(ഡി) സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ. കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുമോ ?

(ഡി) ഈ പദ്ധതി പ്രത്യേകിച്ച് ഓരോ ഐ.ടി.ഐ. കളിലും നടപ്പാക്കേണ്ട ആവശ്യമില്ല. കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ലഭ്യമായ എവിടെ നിന്നും ഈ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും തൊഴിൽ വിവരം അറിയാവുന്നതുമാണ്. എല്ലാ ഐ.ടി.ഐ. കളിലും ഈ പോർട്ടലിനെപ്പറ്റി അറിവും പ്രചാരവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ